**കേരള സർക്കാർ**

**സംഗ്രഹം**

പെൻഷൻ-മരണപ്പെട്ട ജെ.അബ്ദുൾ വാഹിദിന്റെ കുടുംബ പെൻഷന്റെ കുടിശ്ശിക ശ്രീമതി.മാജിദാബീവിയ്ക്ക് അനുവദിച്ച്കൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**ധനകാര്യ(പെൻഷൻ-എ) വകുപ്പ്**

**സ.ഉ(സാധാ) നം.115/2018/ധന** **തിരുവനന്തപുരം,തീയതി 05.01.2018**

---

പരാമർശം : (1) ഇടുക്കി ജില്ലാകളക്ടറുടെ 01.12.2016-ലെ എഫ്5/9400/1998 നമ്പർ കത്ത്.
(2) ബഹു.കേരള ഹൈക്കോടതിയുടെ 25.05.2016-ലെ WP(C)No.16736/2016(N) നം.ഉത്തരവ്.
(3) അക്കൗണ്ടന്റ് ജനറൽ തിരുവനന്തപുരം ഇടുക്കി ജില്ലാ കളക്ടർക്ക് നൽകിയ 10.02.2017-ലെ P03/05/Pen.A/OG/01-02 നമ്പർ കത്ത്.
(4) ശ്രീമതി.മാജിദാബീവിയുടെ 08.09.2017-ലെ അപേക്ഷ.

**ഉത്തരവ്**

ദേവികുളം താലൂക്ക് ഓഫീസിൽ നിന്നും എൽ.ഡി.ക്ലാർക്കായി 30.04.1998- ൽ വിരമിക്കുകയും 31.05.2006-ൽ മരണപ്പെടുകയും ചെയ്ത ജെ.അബ്ദുൾ വാഹിദിന്റെ കുടുംബ പെൻഷന്റെ പകുതി കുടിശ്ശിക സഹിതം പരേതന്റെ ആദ്യഭാര്യയായ ശ്രീമതി.മാജിദാബീവിക്ക് അനുവദിച്ച്കൊണ്ടും ബാക്കി പകുതി കുടിശ്ശിക സഹിതം അനുവദിക്കുന്നത് തടഞ്ഞ്കൊണ്ടും ബഹു. ഹൈക്കോടതി പരാമർശം (2) പ്രകാരം ഉത്തരവായിരുന്നു. താൻ രോഗിയാണെന്നും തിരുവനന്തപുരം റീജിയണൽ ക്യാൻസർ സെന്ററിലെ ചികിത്സക്കായി പെൻഷൻ കുടിശ്ശിക തുകയല്ലാതെ മറ്റ് മാർഗ്ഗമില്ലാത്തതിനാൻ 01.06.2006 മുതൽ 31.08.2016 വരെയുള്ള കുടുംബ പെൻഷന്റെ പകുതി കുടിശ്ശിക ബഹു.ഹൈക്കോടതിയുടെ ഉത്തരവിൻപ്രകാരം അനുവദിക്കണമെന്ന് ശ്രീമതി.മാജിദാബീവി പരാമർശം (4) പ്രകാരം ആവശ്യപ്പെട്ടിരുന്നു.

(.......................2)

2.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അതിൻപ്രകാരം 01.06.2006 മുതൽ 31.08.2016 വരെയുള്ള മരണപ്പെട്ട ജെ.അബ്ദുൾ വാഹിദിന്റെ കുടുംബ പെൻഷന്റെ പകുതി തുകയുടെ കുടിശ്ശിക ശ്രീമതി.മാജിദാബീവിക്ക് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. പ്രസ്തുത പെൻഷൻ കുടിശ്ശിക നൽകുന്നതിന് ആവശ്യമായ അധികാരദാനം പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ) കേരള, തിരുവനന്തപുരം നൽകുന്നതായിരിക്കും. ഇതിനുള്ള ചെലവ് "2071-01-105-99" കുടുംബ പെൻഷൻ (വോട്ടു ചെയ്തത്) (നോൺ പ്ലാൻ) എന്ന ശീർഷകത്തിൽ നിന്നും വഹിക്കുന്നതായിരിക്കും.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**രാജശ്രീ.കെ**
**അഡീഷണൽ സെക്രട്ടറി (ധനകാര്യം)**

പകർപ്പ് :

1. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരള,തിരുവനന്തപുരം.
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി. ആന്റ് എസ് .എസ് .എ) കേരള,തിരുവനന്തപുരം.
3. അക്കൗണ്ടന്റ് ജനറൽ ( ഇ.ആന്റ് ആർ.എസ്.എ) കേരള, തിരുവനന്തപുരം.
4. ജില്ലാ കളക്ടർ, ഇടുക്കി.
5. ശ്രീമതി.മാജിദാബീവി, വാഹിദ് മന്ദിരം, തട്ടത്തുമല.പി.ഒ., തിരുവനന്തപുരം ജില്ലാ-695614.
6. The Nodal Officer,www.finance.kerala.gov.in
7. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

**സെക്ഷൻ ഓഫീസർ**